പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## തൊഴിലുറപ്പുപദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3238 — 16.12.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | തൊഴിലുറപ്പുപദ്ധതി നടപ്പാക്കുന്നതിനാവശ്യമായ സാങ്കേതിക സഹായവും മേൽനോട്ടവും നൽകുന്നതിൽ വിവിധ വകുപ്പുകൾ ശ്രദ്ധിക്കുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളിൽ എന്തെല്ലാം ന്യൂനതകളാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്; അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ന്യൂനതകളും അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (സി) | സംസ്ഥാന തൊഴിലുറപ്പ് നിധി രൂപീകരിക്കുകയും ഇതുമായി ബന്ധപ്പെട്ട നിയമം അനുശാസിക്കുന്ന ഉദ്ദേശ്യങ്ങൾക്കായി ആയത് വിനിയോഗിക്കുകയും ചെയ്യുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | ഉണ്ട്. തൊഴിലുറപ്പ് പദ്ധതിക്കായി അനുവദിക്കുന്ന കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ ദേശസാത്കൃത ബാങ്കിൽ (SBT) നിക്ഷേപിച്ച് ഫണ്ട് വിനിയോഗം മാനേജ് ചെയ്യുന്നതിനായി സംസ്ഥാന തൊഴിലുറപ്പ് ഫണ്ട് സൊസൈറ്റി രൂപീകരിച്ച് സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും ഗ്രാമവികസന കമ്മീഷണർ മെമ്പർ സെക്രട്ടറിയുമായ സൊസൈറ്റിയാണ് പ്രവർത്തിക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതി സംബന്ധിച്ച് സി.എ.ജി. നൽകിയിട്ടുള്ള ശിപാർശകൾ നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഡി) | ഉണ്ട്. സി.എ.ജി.യുടെ ശിപാർശകൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

ബോധവത്കരണത്തിന്റെ കുറവ്, ചില പണിസ്ഥലങ്ങളിൽ തൊഴിലാളികൾക്ക് മതിയായ സൗകര്യങ്ങൾ ലഭിച്ചില്ല, തൊഴിൽ ലഭിച്ചതിലും വേതന വിതരണത്തിലുമുള്ള കാലതാമസം അനുവദനീയമായ സാധനഘടകം ഉപയോഗിച്ചുള്ള പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്നില്ല തുടങ്ങിയ ന്യൂനതകളാണ് പ്രധാനമായും ചൂണ്ടി കാണിച്ചിട്ടുള്ളത്. ഇവ പരിഹരിക്കുന്നതിന് ഏറ്റെടുത്ത നടപടികൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയെ സംബന്ധിച്ചും തൊഴിലാളികളുടെ അവകാശങ്ങൾ സംബന്ധിച്ചും ലഘുലേഖകൾ, ഡോക്യുമെന്ററി ഫിലിമുകൾ, ബോധവത്കരണ ക്ലാസ്സുകൾ തുടങ്ങിയവയിലൂടെ ഗ്രാമ പഞ്ചായത്തുകളിൽ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. മേറ്റുമാർ, ജന പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്ക് വിപുലമായ പരിശീലന പരിപാടികൾ സംസ്ഥാന തൊഴിലുറപ്പ് മിഷൻ, സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ നേതൃത്വത്തിൽ നിശ്ചിത കലണ്ടർ പ്രകാരം സമയബന്ധിതമായി ഏറ്റെടുത്ത് വരുന്നു.
2. തൊഴിലാളികൾക്ക് അവകാശപ്പെട്ട സൗകര്യങ്ങൾ പണിസ്ഥലത്ത് ലഭ്യമാകുന്നതിന് കർശനമായ നിർദ്ദേശങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങൾ മോണിറ്റർ ചെയ്യുന്നതിന് ഉദ്യോഗസ്ഥതലത്തിൽ ചുമതലകൾ നൽകിയിട്ടുണ്ട്.
3. തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന രീതിയിൽ തൊഴിൽ ലഭ്യമാകുന്നതിന് സമയബന്ധിതമായി ലേബർ ബഡ്ജറ്റ്, വാർഷിക കർമ്മപദ്ധതി , സീസണാലിറ്റി കലണ്ടർ എന്നിവ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശവും മതിയായ സാങ്കേതിക ജീവനക്കാരെ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശവും ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഓരോ സാമ്പത്തിക വർഷത്തേയ്ക്കുള്ള ലേബർ ബഡ്ജറ്റും വാർഷിക കർമ്മപദ്ധതിയും തലേവർഷം ഡിസംബർ 31 ന് മുൻപ് ജില്ലാപഞ്ചായത്തുകൾ അംഗീകാരം നൽകി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുകയും പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി ലഭ്യമാക്കി ഷെൽഫ് ഓഫ് പ്രോജക്ട്സ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, 2016-17 മുതൽ പദ്ധതി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഇലക്ട്രോണിക്കായി തയ്യാറാക്കുന്നതിനും സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും സ്ഫോറ്റ്വെയർ രൂപീകരിക്കുകയും ആയതിന്റെ പരിശീലന പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

4. വേതനവിതരണത്തിൽ കാലതാമസം ഒഴിവാക്കുന്നതിനായി കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് സമയബന്ധിതമായി നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും സംസ്ഥാന തൊഴിലുറപ്പ് നിധിയിൽ നിന്നും നേരിട്ട് വേതനം തൊഴിലാളികളുടെ അക്കൗണ്ടിൽ ലഭ്യമാകുന്നതിന് ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. 2016 ജനുവരി മുതൽ കേന്ദ്രസർക്കാർ നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് തുക വിതരണം ചെയ്യുന്ന നാഷണൽ ഇ-എഫ്.എം.എസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിയമം അനുശാസിക്കുന്നവിധത്തിൽ, മസ്റ്റർറോൾ ക്ലോസ് ചെയ്ത് 15 ദിവസത്തിനകം വേതനം ലഭ്യമാകുന്നതിനായി, ഗ്രാമപഞ്ചായത്ത്തലത്തിൽ, സാങ്കേതിക ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർക്ക് ഉത്തരവാദിത്വ നിർണ്ണയം നടത്തി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് കാലതാമസം വരുന്ന ഓരോ ദിവസവും 0.05% നിരക്കിൽ നഷ്ടപരിഹാരം നൽകുന്നതാണ്. ഈ തുക, തുടക്കത്തിൽ, സംസ്ഥാന സർക്കാർ വഹിക്കുകയും. തുടർന്ന്, ഉത്തരവാദികളിൽ നിന്ന് ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

5. 60:40 അനുപാതത്തിൽ വേതന സാധനഘടകങ്ങൾ പ്രയോജനപ്പെടുത്തി ഈടുറ്റ ഉല്പാദനക്ഷമമായ പൊതു ആസ്തികളും ഉപജീവനാസ്തികളും സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സാധനങ്ങളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ പ്രൊക്യൂർമെന്റ് കമ്മറ്റികൾ എല്ലാ പഞ്ചായത്തിലും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ടവർക്ക് സമഗ്രമായ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

അനുബന്ധം - 2

(ii) പദ്ധതിയുടെ രൂപീകരണം, ബോധവത്കരണം, ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്, പരാതിപരിഹാരം, പഠനപ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് സി.എ.ജി യുടെ ശുപാർശകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ചുവടെപ്പറയുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

1. പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് പദ്ധതി പ്രവർത്തനങ്ങൾ വിശദമായി പരിശോധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ടി കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഭരണപരമായ നടപടികൾ സ്വീകരിച്ചു വരുന്നു .
2. ബോധവത്കരണ പ്രവർത്തനങ്ങളും എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സിനും പരിശീലന പരിപാടികളും നിശ്ചിത കലണ്ടർ പ്രകാരം നടത്തി വരുന്നു.
3. തൊഴിലുറപ്പ് നിയമം അനുശാസിക്കുന്നവിധത്തിൽ ഓരോ വർഷത്തെയും ലേബർ ബഡ്ജറ്റും വാർഷിക കർമ്മപദ്ധതിയും തൊട്ട് മുൻവർഷം ഡിസംബർ 31 ന് മുൻപ് തയ്യാറാക്കുന്നതിന് പങ്കാളിത്ത ആസൂത്രണത്തിലൂടെ അയൽകൂട്ടതലം മുതൽ ചർച്ച ചെയ്ത് തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സമയബന്ധിതമായി നടപ്പിലാക്കാണമെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്.
4. ആവശ്യാധിഷ്ഠിതമായി തൊഴിൽ നൽകുന്നതിനും അതുവഴി ഉല്പാദനക്ഷമമായ ഈടുറ്റ ഗുണമേന്മയുള്ള ആസ്തികൾ സൃഷ്ടിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി ആവശ്യമായ ഭരണപരവും സാങ്കേതികവുമായ പിന്തുണാസംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് തലം മുതൽ, സംസ്ഥാന തലം വരെ ക്രമീകരിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി നൽകൽ എന്നിവ ഇലക്ട്രോണിക്കായി നിർവ്വഹിക്കുന്നതിന് സോഫ്റ്റ്‌വെയർ രൂപീകരിക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.
5. എല്ലാ ജില്ലകളുടെയും പരിപ്രേക്ഷ്യ പദ്ധതി തയ്യാറാക്കുന്നതിന് വിദഗ്ദ്ധ ഏജൻസികളെ ചുമതലപ്പെടുത്തുകയും പ്രസ്തുത സ്ഥാപനങ്ങൾ തയ്യാറാക്കിയ പദ്ധതികൾ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ അംഗീകരിച്ച് നിർവ്വഹണത്തിനായി ജില്ലകൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

6. വിപുലമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചും വീടുവീടാന്തരം സർവ്വേ നടത്തി ദുർബലജനവിഭാഗങ്ങളെ പദ്ധതിയിൽ രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനും തൊഴിൽ കാർഡ് ലഭ്യമാക്കി ആവശ്യാധിഷ്ഠിതമായി, നിയമം അനുശാസിക്കുന്ന പരിധിയനുസരിച്ച് തൊഴിൽ ലഭ്യമാക്കുന്നതിനും 'ശ്രദ്ധ' എന്ന പേരിൽ കാമ്പയിൻ നടപ്പിലാക്കിയിട്ടുണ്ട്. ഇതനുസരിച്ച്, ഈ വിഭാഗം കുടുംബങ്ങളുടെ ഉപജീവനാസ്തികൾ സൃഷ്ടിക്കുന്നതിനും നിലവിലുള്ളവ മെച്ചപ്പെടുത്തുന്നതിനും സങ്കേതങ്ങളിൽ പൊതു ആസ്തികൾ സൃഷ്ടിക്കുന്നതിനുമുള്ള കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

7. **വേതനവിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ**

(i) ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം

കൂലിവിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി സംസ്ഥാനത്ത് ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കി. ഇതുവഴി തൊഴിലാളികളുടെ വേതനം, സാധനവില എന്നിവ ബന്ധപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് നേരിട്ട് വിതരണം ചെയ്തു വരുന്നു.

(ii) വാല്യുവേഷൻ ബേയ്സ്ഡ് പേയ്മെന്റ് സമ്പ്രദായം

പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുന്നതിലും അത് ചെക്ക് മെഷർ ചെയ്യുന്നതിലും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് വാല്യുവേഷൻ ബേയ്സ്ഡ് പേയ്മെന്റ് സമ്പ്രദായം നടപ്പിൽ വരുത്തി.

(iii) വേതനവിതരണത്തിലെ കാലതാമസത്തിനുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

8. പ്രവൃത്തികളുടെ മോണിറ്ററിംഗ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വാർഡ്തലത്തിൽ വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ചുമതല നൽകിയിട്ടുണ്ട് ഇതുകൂടാതെ പദ്ധതിയുടെ 100 % പരിശോധനയ്ക്ക് ബ്ലോക്ക്തല ഉദ്യോഗസ്ഥരെയും 10% പ്രവൃത്തികൾ ജില്ലാതലത്തിലും 2% പ്രവൃത്തികൾ സംസ്ഥാന തലത്തിലും മോണിറ്റർ ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

9. പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ജില്ലാതല ക്വാളിറ്റി മോണിറ്റർമാരെ നിയമിച്ചിട്ടുണ്ട്.

10. നിർവ്വഹണം നടത്തിയ എല്ലാ പ്രവൃത്തികളും, തൊഴിലുറപ്പ് നിയമം അനുസരിച്ച് തൊഴിലാളികൾക്ക് ലഭ്യമാകേണ്ട അവകാശങ്ങളുടെ പാലനം എന്നിവ യഥാവിധി സാമൂഹിക ഓഡിറ്റിന് വിധേയമാക്കുന്നതിന് 2011 ലെ സോഷ്യൽ ഓഡിറ്റ് ചട്ടങ്ങൾ പ്രകാരം സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് സംവിധാനം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

11. പരാതിപരിഹാരത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഓംബുഡ്സ്മാനെ നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ പഠന പ്രവർത്തനങ്ങൾക്കായി വിദഗ്ദ്ധ ഏജൻസികളെ ചുമതലപ്പെടുത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.